# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 646 12.07.2012 ൽ മറുപടിയ്ക്ക്

### ബസ് സ്റ്റോപ്പ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി.കെ. ബഷീർ | | ഉത്തരം<br>ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) പ്രധാന റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കുശേഷം, ബസ് സ്റ്റോപ്പുകൾ പുനർനിർണ്ണയിക്കുകയും, വ്യക്തമായി അടയാളപ്പെടുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഓരോ തരം ബസുകൾക്കും സ്റ്റോപ്പുകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | (ബി) | സ്ഥലങ്ങളുടെ പ്രാധാന്യം, പൊതുജനങ്ങളുടെ സൗകര്യം, സുഗമമായ വാഹന നീക്കം, നിലവിലുള്ള ബസ് സ്റ്റോപ്പിൽ നിന്നുള്ള അകലം, സുരക്ഷാ മാനദണ്ഡം എന്നിവ പരിഗണിച്ചാണ് ഓരോതരം ബസ്സുകൾക്കും സ്റ്റോപ്പുകൾ നിശ്ചയിക്കുന്നത്. ഓർഡിനറി സർവ്വീസുകൾക്ക് ഓരോ രണ്ടര കിലോമീറ്ററും ഒരു ഫെയർ സ്റ്റേജായി കണക്കാക്കിയിട്ടുണ്ട്. അങ്ങനെ ഫെയർ സ്റ്റേജ് വരുന്നയിടങ്ങളിലെല്ലാം ബസ് സ്റ്റോപ്പ് ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ലക്ഷ്വറി സർവ്വീസുകൾക്കും സൂപ്പർ ഡീലക്സ് സർവ്വീസുകൾക്കും ജില്ലാ ആസ്ഥാനങ്ങളിലും സൂപ്പർ എക്സ്പ്രസ് സർവ്വീസുകൾക്ക് താലൂക്ക് ആസ്ഥാനങ്ങളിലും മാത്രമാണ് സ്റ്റോപ്പ് അനുവദിക്കുന്നത്. |
| (സി) നഗരപ്രദേശങ്ങളിൽ ശരാശരി എത്ര അകലത്തിലാണ് ബസ്സ് സ്റ്റോപ്പുകൾ നിശ്ചയിച്ചിട്ടുള്ളത്; സ്റ്റോപ്പുകൾ നിശ്ചയിക്കുന്നതിൽ എന്തൊക്കെ ഘടകങ്ങൾ പരിഗണിക്കാറുണ്ട്; വ്യക്തമാക്കുമോ ? | സി) | ബസ് സ്റ്റോപ്പുകൾ തമ്മിലുള്ള അകലം കൃത്യമായി നിശ്ചയിച്ചിട്ടില്ല. സ്ഥലങ്ങളുടെ പ്രാധാന്യം, പൊതുജനങ്ങളുടെ സൗകര്യം, സുഗമമായ വാഹനനീക്കം ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സാമീപ്യം എന്നിവ പരിഗണിച്ചാണ് സ്റ്റോപ്പുകൾ നിശ്ചയിക്കുന്നത്. ഇങ്ങനെയാണെങ്കിലും നിലവിലുള്ള ബസ് സ്റ്റോപ്പിൽ നിന്നുള്ള അകലം കൂടി പരിഗണിച്ചാണ് പുതിയ ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന് സ്റ്റേറ്റ് /റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ തീരുമാനമെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ